DESPATCHED On 04/06/2020

4/03/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.2702(1)/2019**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*21372/എസ്.ഐ.സി-ജി 4/2019*)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി. ദിവ്യ കെ.,
അംബാപുരം ഹൗസ്,
പി.ഒ. ബാര, വഴി- ഉദുമ, കാസർഗോഡ് -671319 — അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, തളിപ്പറമ്പ പോലീസ് സ്റ്റേഷൻ, കണ്ണൂർ
2. അപ്പീൽ അധികാരി & ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സബ് ഡിവിഷണൽ പോലീസ് ഓഫീസ്, തളിപ്പറമ്പ്, കണ്ണൂർ

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09.10.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.11.2019 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18.11.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 03.12.2019 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.12.2019 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26.12.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09.01.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 04.03.2020 |
| ഹിയറിംഗ് തീയതി & സ്ഥലം | 04.03.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. ദിവ്യ കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ആയവശ്യപ്പെട്ട ജനറൽ ഡയറിയുടെ പകർപ്പുകൾ ടിയാൾക്ക് ലഭിക്കാൻ വേണ്ട നടപടി ഉണ്ടാകണമെന്നാണ്.

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. 15.06.2019 ൽ വിവരാവകാശ നിയമ പ്രകാരം ടിയാൾ നൽകിയ 29/ആർ.ടി.ഐ/എൽ1/2019 എന്ന അപേക്ഷയുടെ പകർപ്പ് നൽകണമെന്നും

ii. 2018 ഏപ്രിൽ 2, 6, 8,10,11 എന്നീ തീയതികളിലെ ജനറൽ ഡയറി പകർപ്പ് നൽകണമെന്നും

iii. 2018 മാർച്ച് 5,6,12,16,17,18,19,20,21,22,29,31 എന്നീ തീയതികളിലെ ജി.ഡി പകർപ്പ് നൽകണമെന്നും

iv. 2018 ജനുവരി 18,19,20,21 എന്നീ തീയതികളിലെ ജി.ഡി പകർപ്പ് നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട രേഖ 2 രൂപ ഫീസ് ഒടുക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നും ഹർജിക്കാരിയുടെ അപേക്ഷയിലെ 2 മുതൽ 7 വരെയുള്ള ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നത് ടി ഓഫീസിലെ മനുഷ്യവിഭവശേഷിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും ടി വിവരങ്ങൾ വ്യത്യസ്ത രജിസ്റ്ററുകളിൽ വ്യത്യസ്ത തീയതികളിൽ ആയിരുന്നതിനാലും ക്രോഡീകരിച്ച് എടുക്കേണ്ടതിനാലും ഹർജിക്കാരിക്ക് എതിർകക്ഷി സ്ഥാപനത്തിൽ ഹാജരായി രേഖകൾ പരിശോധിച്ച് എടുക്കാവുന്നതാണെന്നുമാണ്. ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൾ ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത് 39 ദിവസങ്ങളിലെ ജി.ഡി പകർപ്പുകൾ ആണെന്നും ആയത് വിവരാവകാശ നിയമത്തിലെ 8-ാം വകുപ്പിന്റെ പരിധിയിൽ

RIGHT TO INFORMATION

വരുന്ന രഹസ്യ സ്വഭാവമുള്ള വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിച്ച ശേഷം ആയത് ഒഴിവാക്കുന്നതിനും വിവരാവകാശ നിയമത്തിന്റെ സുതാര്യത നിലനിർത്തുന്നതിനും തീരുമാനം കൈക്കൊള്ളേണ്ടതിനാൽ കാലതാമസം ഉണ്ടാകാമെന്നും അനുവദിക്കാവുന്ന ജി.ഡി പകർപ്പുകൾ പരിശോധനക്കു ശേഷം നൽകുന്നതാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട 39 ദിവസങ്ങളിലെ ജി.ഡി പകർപ്പുകൾ 303 പേജുകൾ വരുന്നതാണെന്നും അത്രയും പകർപ്പുകൾ എടുത്തു നൽകുന്നത് ടി അധികാര സ്ഥാനത്തിന്റെ മനുഷ്യവിഭവശേഷിയെ പ്രതികൂലമായി ബാധിക്കുന്നതിനാലാണ് ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ മുൻകൂട്ടി അറിയിച്ച് പരിശോധിച്ചെടുക്കാവുന്നതാണെന്നു ഒന്നാം എതിർകക്ഷി മറുപടി നൽകിയതെന്നും മറ്റുമാണ്. കമ്മീഷൻ മുമ്പാകെ ഹാജരായ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചത്, ഹർജിക്കാരി നാളിതുവരെ 194 ദിവസത്തെ ജി.ഡി പകർപ്പുകൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഒരു അപേക്ഷയിൽ ആവശ്യപ്പെടുന്ന ജി.ഡി പകർപ്പുകൾ മറ്റൊരു അപേക്ഷയിൽ വീണ്ടും ആവശ്യപ്പെടുന്നതായി കണ്ടിട്ടുണ്ടെന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരി പ്രസ്താവിച്ചത്, ഒരു കേസുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖകളാണ് ടിയാൾ ആവശ്യപ്പെട്ടിട്ടുള്ളതെന്നും ആയതിനാൽ ടി രേഖകൾ ടിയാൾക്ക് ആവശ്യമുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അപേക്ഷയിലെ 2 മുതൽ 7 വരെയുള്ള ഇനങ്ങളിൽ ആവശ്യപ്പെട്ട ജി.ഡി പകർപ്പുകൾ ലഭിക്കുവാനുള്ള അർഹത ഹർജിക്കാരിക്ക് ഉണ്ടെന്ന് കമ്മീഷൻ വിലിയിരുത്തുന്നു. ടി പകർപ്പുകൾ വിവരാവകാശ നിയമത്തിലെ 8 -ാം വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം മൊത്തമായി ഒഴിവാക്കേണ്ടതാണെന്ന വാദം എതിർകക്ഷികൾക്കില്ല. ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ളത് 39 ദിവസത്തെ ജി.ഡി പകർപ്പുകൾ ആകയാൽ ആയത് ഹർജിക്കാരിക്ക് ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസങ്ങൾക്കകം സൗജന്യമായി നൽകണമെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു. അപ്രകാരം പകർപ്പുകൾ നൽകുമ്പോൾ വിവരാവകാശ നിയമത്തിലെ 8-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള പ്രകാരം ഒഴിവാക്കപ്പെടേണ്ട ഏതെങ്കിലും വിവരങ്ങൾ ഉണ്ടെങ്കിൽ അത്തരം വിവരങ്ങൾ മറച്ചു വെച്ചുകൊണ്ടാണ് ഹർജിക്കാരിക്ക്

പകർപ്പുകൾ നൽകേണ്ടതെന്നു കമ്മീഷൻ ഉത്തരവാകുന്നു. ഹർജിക്കാരി ആവശ്യപ്പെട്ട രേഖ ഒരു പൊതു രേഖയാകയാൽ ആയത് ലഭ്യക്കുവാനുളള അർഹത ഹർജിക്കാരിക്ക് ഉണ്ടായിരുന്നതിനാലും ടി പകർപ്പുകൾ ലഭ്യമാക്കുന്നതിലേക്കായി എത്ര തുക ഫീസ് ഒടുക്കണമെന്ന അറിയിപ്പ് ഹർജിക്കാരിക്ക് സമയബന്ധിതമായി നൽകിയിട്ടില്ലാതിരുന്നതിനാലുമാണ് കമ്മീഷൻ ടി രേഖകൾ സൗജന്യമായി നൽകുവാൻ നിർദ്ദേശം നൽകുന്നത്.

6. രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം അപ്പീൽ നൽകേണ്ടത് കണ്ണൂർ ജില്ലാ പോലീസ് മേധാവി മുമ്പാകെയാണെന്നു പ്രസ്താവിച്ചിട്ടുളളതായി കാണുന്നു. ആയത് വിവരാവകാശ നിയമപ്രകാരം തെറ്റായ വിവരമാണ്. രണ്ടാം അപ്പീൽ സമർപ്പിക്കേണ്ടത് വിവരാവകാശ നിയമത്തിലെ 19(3) വകുപ്പു പ്രകാരം സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെയാണ്. മേൽ പ്രസ്താവിച്ച പ്രകാരമുളള തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിനായി രണ്ടാം എതിർകക്ഷി വിവരാവകാശ നിയമം വ്യക്തമായി വായിച്ചു മനസ്സിലാക്കണമെന്നു കമ്മീഷൻ ടിയാനോട് നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, മാർച്ച് 04-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
dp